(ബി) ഇപ്പോൾ ഈ റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ ഓടുന്നുണ്ട്;

(സി) ഈ റൂട്ടിൽ പ്രൈവറ്റ് ബസ്സുകൾക്ക് അനുവാദം കൊടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ബസ്സുകൾക്ക് അനുവാദം കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ മലയാള മാസം ഒന്നാം തീയതിയും ശബരിമലയിൽ എത്തിച്ചേരുന്നതിനായി തീർത്ഥാടകരുടെ സൗകര്യം കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ബസ്സുകൾ ഓടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. (രാവിലെ 8 മണിക്ക്)

(ബി) ഒരെണ്ണം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തീർത്ഥാടകരുടെ ആവശ്യത്തിനനുസരിച്ച് സർവ്വീസുകൾ നടത്തുന്നതാണ്.

66 (358) അന്വേഷണ കൗണ്ടറുകൾ പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രധാനപ്പെട്ട സ്റ്റാൻഡുകളിലും ജില്ലാ ആസ്ഥാന സ്റ്റാൻഡിലും അന്വേഷണ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സംവിധാനം ഏതൊക്കെ സ്റ്റേഷനുകളിൽ നിലവിലുണ്ട്;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര സ്ഥലത്തെ അന്വേഷണ കൗണ്ടറുകൾ നിർത്തലാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) അന്വേഷണ കൗണ്ടറുകൾ, അഡ്വാൻസ് ബുക്കിംഗ് ഇവ നിർത്തിയതുമൂലം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും കുറവ് പരിഗണിച്ച് അതാത് ഡിപ്പോകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് വാങ്ങി താൽക്കാലികമായി നിയമനം നടത്തുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രധാനപ്പെട്ട എല്ലാ ബസ്സ് സ്റ്റേഷനുകളിലും ഇപ്പോൾ അന്വേഷണ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പ്രധാനപ്പെട്ട ഒരു സ്റ്റേഷനിലേയും അന്വേഷണ കൗണ്ടർ നിർത്തലാക്കിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഓരോ ഡിപ്പോയിലും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് സർവ്വീസുകൾ കൃാൻസൽ ചെയ്യാതിരിക്കാൻവേണ്ടി താൽക്കാലിക നിയമനത്തിനായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും അർഹതപ്പെട്ടവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടു വരുത്തുകയും ആ ലിസ്റ്റിൽനിന്നും തിരഞ്ഞെടുക്കുന്നവരുടെ താൽക്കാലിക നിയമന നടപടികൾ പൂർത്തിയാക്കി വരുന്നു.

67 (359) കൂടുതൽ ഡീലക്സ് ബസ്സുകൾ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ.വി. അബ്ദുൾറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര യാത്രാ ബസ്സുകളിൽ സഞ്ചരിക്കുന്നവർക്ക് സുഖയാത്ര പ്രദാനം ചെയ്യാൻ കൂടുതൽ ഡീലക്സ് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനു വേണ്ടത്ര പുതിയ ബസ്സുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മൂലം തൽക്കാലം നിവർത്തിയില്ല.

68 (360) തമ്പാനൂർ ബസ്സ് സ്റ്റാൻഡിലെ തിരക്ക്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് തമ്പാനൂർ ബസ്റ്റാൻഡിലെ തിരക്ക് കുറയ്ക്കുവാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഇന്റർ സ്റ്റേറ്റ് ബസ്സുകൾക്കുവേണ്ടി ഒരു പ്രത്യേക ബസ്സ് സ്റ്റാൻഡ് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ബസ്സ്സ്റ്റാൻഡ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly